(ജി) 4055 വീടുകളാണ് പൂർണ്ണമായും നഷ്ടപ്പെട്ടത്. 9585 വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിച്ചു.

(എച്ച്) പൂർണ്ണമായും തകർന്ന 4055 വീടുകൾക്ക് പകരം സ്ഥിരം വീടുകൾ നിർമ്മിക്കുന്നതിന് സന്നദ്ധരായി മുന്നോട്ട് വന്ന വിവിധ സന്നദ്ധ സംഘടനകളെ അവ നിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. 2431 വീടുകൾ ഇതിനകം പൂർത്തിയാക്കി നൽകിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ഐ) 2004 ഡിസംബർ 24-ാം തീയതി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (സി. എം. ഡി. ആർ. എഫ്.) 26,06,208 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. 2005 ജനുവരി 31-ാം തീയതി ടി നിധിയിലെ നീക്കിയിരിപ്പ് 18,84,55,036 രൂപയായിരുന്നു.

(ജെ) സുനാമി ദുരന്ത നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ അദാലത്ത് സംഘടിപ്പിച്ചിരുന്നു. അതിൽ 223.02 ലക്ഷം രൂപയുടെ നഷ്ട പരിഹാരം നൽകാനാണ് വിധിച്ചത് അതിൽ 121.80 ലക്ഷം രൂപ ഇതിനകം അനുവദിച്ചു ബാക്കി തുക അനുവദിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

(കെ) ഇക്കാര്യത്തിൽ ഈയിടെ ഗവൺമെന്റ് പ്രസിദ്ധീകരിച്ച ലഘുലേഖയുടെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.††

രാജീവ്ഗാന്ധി സുനാമി പാക്കേജ്

108. [108] പ്രൊ: എ. ഡി. മുസ്തഫ:
ശ്രീ. ലൂഡി ലൂയിസ്:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

രാജീവ്ഗാന്ധി സുനാമി പാക്കേജിൽപ്പെടുത്തി കേന്ദ്രത്തിൽ നിന്നും എന്തു സഹായം കിട്ടി; ഈ തുക എന്തിനെല്ലാമായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സുനാമി ദുരന്തത്തെ തുടർന്നുള്ള ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾക്കായി 192.02 കോടി രൂപ ക്യാഷ് കംപോണന്റ് ഉൾപ്പെടുന്ന 249.36 കോടി രൂപയുടെ രാജീവ്ഗാന്ധി റിഹാബിലിറ്റേഷൻ പാക്കേജിനാണ് സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയത്. ഇതിൽ അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നാഷണൽ കലാമിറ്റി കണ്ടിൻജൻസി ഫണ്ടിൽ നിന്ന് 100 കോടി രൂപ അനുവദിച്ചു കിട്ടി. ഇതിൽ നിന്ന് ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾക്കായി 2004-05 വർഷത്തിൽ 58.14 കോടി രൂപ ചെലവഴിച്ചു. നടപ്പു വർഷത്തിൽ ഇതുവരെ 45.37 കോടി രൂപ ജില്ലാ കളക്ടർമാർക്കും ഇതര ഏജൻസികൾക്കുമായി അനുവദിച്ചു നൽകിയിട്ടുണ്ട്. അപ്രകാരം ഇതുവരെ 103.52 കോടി രൂപ സംസ്ഥാന

†† അനുബന്ധം XV.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† കേന്ദ്രം അനുവദിച്ച 20000 മെട്രിക്ടൺ അരി സുനാമി ബാധിതമായി പ്രഖ്യാപിച്ച ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകിയിട്ടുമുണ്ട്.

മണ്ണാർക്കാട് മണ്ഡലത്തിലെ ദുരിതാശ്വാസ വിതരണം

109. [109] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത് നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല. മുഖ്യമന്ത്രിക്ക് ലഭിക്കുന്ന അപേക്ഷകളിൽ അർഹരായവർക്കെല്ലാം, ധനസഹായം അനുവദിക്കാറുണ്ട്.

കൊച്ചിയിൽ ആരംഭിക്കുന്ന പുതിയ സംരംഭം

110. [110] ശ്രീ. കെ. സി. ജോസഫ്:
„ ടി. യു. രാധാകൃഷ്ണൻ:
„ വർക്കല കഹാർ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ എന്തെല്ലാം പുതിയ സംരംഭങ്ങളാണ് ആരംഭിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്;

(ബി) ഇവയ്ക്ക് ഓരോന്നിനും വേണ്ടി വരുന്ന നിക്ഷേപം എത്ര;

(സി) ഇവയിലെല്ലാം കൂടി എത്ര പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൊച്ചിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചില പുതിയ സംരംഭങ്ങൾ താഴെ പറയുന്നവയാണ്.

† അനുബന്ധം XVI.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVI

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 108 (108) ദയവായി കാണുക]

Item-wise Expenditure Details of Tsunami Relief and Rehabilitation out of the Funds Received under Rajiv Gandhi Package

Sl. No.	*Head of account*	*Item*	*Expenditure for 2004-05 (from 26-12-2004 to 31-3-2005)*	*Amount Released during 2005-06 (as on 31-1-2006)*	*Total*
(1)	(2)	(3)	(4)	(5)	(6)
1	2245-02-800-77-01	TRO-Cash Doles	38479000	27000000	65479000
2	2245-02-800-77-02	TRO-Exgratia to bereaved families	17350000	2860000	20210000
3	2245-02-800-77-03	TRO-Exgratia to injured persons	12141308	7705000	19846308
4	2245-02-800-77-04	TRO-Evacuation of Population	59110312	10922000	70032312
5	2245-02-800-77-05	TRO-Food and Clothing	106427677	23200000	129627677
6	2245-02-800-77-06	TRO-Spl. Nutrition	0	900000	900000
7	2245-02-800-77-07	TRO-Supply of Medicines	8324910	2100000	10424910
8	2245-02-800-77-08	TRO-Drinking Water Supply	5798000	7400000	13198000
9	2245-02-800-77-09	TRO-Veterinary Care	34205	6169999	6204204

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
10	2245-02-800-77-10	TRO-Repairs and Restoration of damaged roads and bridges	617664	36000000	36617664
11	2245-02-800-77-11	TRO-Repairs and Restoration of damaged water supply. drainage and sewerage works	100000	1000000	1100000
12	2245-02-800-77-12	TRO-Repairs and Restoration of see walls	244345	0	244345
13	2245-02-800-77-13	TRO-Repairs and Reconstruction of houses	64537676	101539126	166076802
14	2245-02-800-77-14	TRO-Assistance for Repairs and Replacement of damaged Boats and Equipments for fishing	138500000	0	138500000
15	2245-02-800-77-15	TRO-Repairs and Restoration of damaged Fishing Harbours and Fish Landing Centres	0	130650000	130650000
16	2245-02-800-77-19	TRO-Other item	129749508	96342714	226092222
		Total	581414605	453788839	1035203444

LIBRARY ARCHIVES Kerala Legislative Assembly